I/190206/2024

ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/53129/2023-DB5 തീയതി: 30-01-2024

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-LID&EW- കേരളഖരമാലിന്യപരിപാലനപദ്ധതി (KSWMP) ഒന്നാം വർഷ പദ്ധതികൾ-നടപടിക്രമങ്ങൾ - സംബന്ധിച്ച്

സൂചന:
1. KSWMP ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടറുടെ 11/05/2023 തിയ്യതിയിലെ 10/ADMN/KSWMP/202 കത്ത്
2. KSWMP പ്രോജക്ട് ഡയറക്ടറുടെ 4/10/2023 തിയ്യതിയിലെ 10/ADMN/KSWMP/2022നമ്പർ ക

കേരളഖരമാലിന്യപരിപാലനപദ്ധതിയിൽ (KSWMP) ഉൾപ്പെടുത്തി നഗരസഭകൾ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നഗരസഭകൾക്ക് KSWMP സൂചന 1 മുഖേന നിർദേശം നല്കിയിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സാങ്കേതികാനുമതി നൽകുന്ന സമയത്തും പാലിക്കുന്നതിന് നഗരസഭകളിലെ എൻജിനീയർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Signed by
Sandeep K G
Date: 30-01-2024 14:01:20

Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. Copy of ref (1)

KSWMP
KERALA SOLID WASTE MANAGEMENT PROJECT

LOCAL SELF GOVERNMENT DEPARTMENT | GOVERNMENT OF KERALA

**No. 10/ADMN/KSWMP/2022** **Dated: 11.05.2023**

പ്രേഷിതൻ

ഡെപ്യൂട്ടി പ്രോജക്റ്റ് ഡയറക്ടർ
കെ.എസ്.ഡബ്ല്യൂ.എം.പി.

സ്വീകർത്താവ്,

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ,

വിഷയം: കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP)- ഒന്നാം വർഷ പദ്ധതികൾ - അടിയന്തരമായി നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച് -

സൂചന: മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) വിഹിതം ഉപയോഗിച്ച് 2022-23 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

**സുലേഖ സോഫ്ട് വെയറിൽ വരുത്തേണ്ട രേഖപ്പെടുത്തലുകൾ**

ഇൻഫർമേഷൻ കേരള മിഷൻ (IKM) KSWMP-ക്ക് വേണ്ടി സുലേഖയിൽ പ്രത്യേകമായി ഉണ്ടാക്കിയിരിക്കുന്ന മോഡ്യൂളിൽ 2022 -23 ൽ ഡിപിസി അംഗീകാരം ലഭിച്ച എല്ലാ പദ്ധതികളും 2023- 24 വർഷത്തേക്ക് ക്യാരി ഫോർവേഡ് ചെയ്യേണ്ടതാണ്. ഇതിനായി താഴെ പറയുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

1. 2022-23 വർഷത്തെ നിർവഹണ ഉദ്യോഗസ്ഥരുടെ ലോഗിനിൽ പ്രവേശിച്ച് KSWMP കോംബോ ബോക്സിൽ നിന്നും സ്പിൽ ഓവർ പ്രൊജക്റ്റ് സെലക്ട് ചെയ്യുക.

2. സ്പിൽ ഓവർ ആയി അടുത്ത വർഷത്തേക്ക് ഏറ്റെടുക്കേണ്ട പ്രൊജക്റ്റ് ശരി അടയാളം രേഖപ്പെടുത്തി അടുത്ത വർഷത്തേക്ക് ട്രാൻസ്ഫർ ചെയ്യുക.

3. അതിനു ശേഷം 2022-2023 നിർവഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ നിന്നും logout ചെയ്യുക.

4. 2023-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയായി ലോഗിൻ ചെയ്യുക.

5. Project മെനുവിൽ നിന്നും LB Approval സെലക്ട് ചെയ്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ നമ്പരും തീയതിയും പ്രോജക്ടിന്റെ ഭരണാനുമതിയുടെ നമ്പരും തീയതിയും സെലക്ട് ചെയ്ത് സേവ് ചെയ്യുക.

6. പദ്ധതികളിൽ ഡിപിആർ/എഫ് ആർ രേഖപ്പെടുത്തലുകൾ വരുത്തുവാനായി അതാത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ KSWMP മെനുവിൽ നിന്നും DPR Approval സെലക്ട് ചെയ്യുക.

7. പദ്ധതികളിൽ ഡിപിആർ/എഫ് ആർ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലെങ്കിൽ അത് KSWMP യിൽ നിന്നും നൽകിയിട്ടുള്ള സാമ്പത്തിക അനുമതിയ്ക്കനുസരിച്ച് ചെയ്യേണ്ടതാണ്. സാമ്പത്തിക അനുമതി (എഫ്. എസ്.) രേഖപ്പെടുത്തുമ്പോൾ, എഫ്.എസ്. തുകയുടെയും ഡിപിസി അനുമതി തുകയുടെയും വ്യത്യാസം 10% ത്തിൽ താഴെ മാത്രമാണെങ്കിൽ മറ്റ് അനുമതികൾ കൂടാതെ നിർവഹണ ഉദ്യോഗസ്ഥന് നിർവഹണവുമായി മുന്നോട്ടു പോകാവുന്നതാണ്. 10% മുതൽ 20% വരെ ഉള്ള വ്യത്യാസത്തിന് കൗൺസിൽ അംഗീകാരവും 20% മുകളിൽ വ്യത്യാസമുണ്ടെങ്കിൽ ഡിപിആർ/ എഫ് ആർ രേഖപ്പെടുത്തലുകൾ നടത്തിയതിന് ശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ നിന്നും ഡിപിസിയുടെ അംഗീകാരം വാങ്ങുന്നതിനായി സെക്രട്ടറിയ്ക്ക് സബ്മിറ്റ് ചെയ്ത് സെക്രട്ടറിയുടെ ലോഗിനിൽ നിന്നും KSWMP-DPR Approval request മെനു വഴി ഡിപിസിയുടെ അംഗീകാരവും വാങ്ങേണ്ടതാണ്.

8. ശേഷം പ്രോജക്ട് സെലക്ട് ചെയ്തു save ചെയ്യുക.

9. തുടർന്ന് നിർവഹണ ഉദ്യോഗസ്ഥന്റെ ലോഗിനിൽ approved ആയി പ്രോജക്ട് ഡിസ്പ്ലേ ആകും.

**പദ്ധതി നിർവ്വഹണം**

മേൽ നടപടിക്രമങ്ങൾ പാലിച്ച് ശേഷം പദ്ധതി നിർവ്വഹണം ആരംഭിയ്ക്കാവുന്നതാണ്.

1. KSWMP പദ്ധതിയ്ക്കായി തയ്യാറാക്കി നൽകിയ പ്രോക്യൂർമെന്റ് മാർഗരേഖ അനുസരിച്ചായിരിക്കണം സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്.

2. എല്ലാ നഗരസഭകളും പ്രോക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി ലോകബാങ്കിന്റെ ക്ലിയറൻസ് വാങ്ങിയിട്ടുള്ളതാണ്. പ്രോക്യൂർമെന്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള Procurement Method തന്നെ സാധനങ്ങൾ വാങ്ങുന്നതിന് അനുവർത്തിക്കേണ്ടതാണ്. ബാങ്കിന്റെ അംഗീകാരം ഇല്ലാതെ യാതൊരു കാരണവശാലും Procurement Method -ൽ മാറ്റം വരുത്തരുത്.

KSWMP
KERALA SOLID WASTE MANAGEMENT PROJECT

LOCAL SELF GOVERNMENT DEPARTMENT | GOVERNMENT OF KERALA

3. പ്രൊക്യൂർമെന്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്കുള്ളിൽ തന്നെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ എത്രയും വേഗം നിർവഹണം ആരംഭിയ്ക്കേണ്ടതാണ്.

4. പ്രൊക്യൂർമെന്റ് പ്ലാനിൽ, Procurement Method, GeM മുഖേനെ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ വാങ്ങലുകൾ GeM പോർട്ടൽ വഴി , നഗരസഭകളുടെ യൂസർ ലോഗി വഴി പ്രവേശിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി വാങ്ങേണ്ടതാണ്.

5. പ്രൊക്യൂർമെന്റ് പ്ലാനിൽ, Procurement Method, RFQ അല്ലെങ്കിൽ RFB മുഖേനെ എന്ന് രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ വാങ്ങലുകൾ ആരംഭിയ്ക്കുന്നതിനായി ക്വട്ടേഷൻ, ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കേണ്ടതുണ്ട്. ടെക്നിക്കൽ സർവീസ് കൺസൾട്ടന്റുമാർ (TSC) ഇത് തയ്യാറാക്കുന്നതിന് നഗരസഭകളെ സഹായിക്കുന്നതാണ്.

6. വാങ്ങൽ പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം സാധനങ്ങൾക്ക് നൽകേണ്ട തുകയ്ക്കുള്ള ബില്ലുകൾ സുലേഖ/സാംഖ്യ വഴി തയ്യാറാക്കി സമയബന്ധിതമായി കരാറുകാർക്ക് തുക നൽകേണ്ടതാണ്.

7. പ്രൊക്യൂർമെന്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ള തുകയും തമ്മിൽ വ്യത്യാസമുള്ള പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ഉടൻ തന്നെ നൽകുന്നതാണ്.

വിശ്വാസപൂർവ്വം

KERALA SOLID WASTE MANAGEMENT PROJECT
KSWMP
Local Self Govt. of Kerala
Government of Kerala
Thiruvananthapuram

ഡെപ്യൂട്ടി പ്രോജക്റ്റ് ഡയറക്ടർ